**പതിമൂന്നാം കേരള നിയമസഭ**

എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2341 — 01.04.2013-ൽ മറുപടിയ്ക്ക്

<u>മരുന്നുകളുടെ ഗുണനിലവാര പരിശോധന</u>

<u>ചോദ്യം</u> — <u>മറുപടി</u>

ശ്രീ. സി. കെ. സദാശിവൻ

ശ്രീ. വി.എസ്. ശിവകുമാർ
(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി)

| | |
|---|---|
| (എ) മരുന്നുകളുടെ ഗുണനിലവാരം പരിശോധിക്കുന്നതിനായി സംസ്ഥാനത്തിനു പുറത്തുള്ള ലാബുകളിലും മറ്റും അയയ്ക്കുന്ന സാമ്പിൾ പരിശോധന കഴിഞ്ഞുവരുമ്പോൾ പ്രസ്തുത മരുന്ന് പൂർണ്ണമായും വിറ്റഴിച്ചു കഴിഞ്ഞിട്ടാവുമെന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) മരുന്നുകൾ ഡ്രഗ്സ് കൺ ട്രോൾ വകുപ്പിന്റെ കീഴിൽ തിരുവനന്തപുരത്തുള്ള ഡ്രഗ്സ് ടെസ്റ്റിംഗ് ലാബിൽ ആണ് പരിശോധിക്കുന്നത്. ഗുണനിലവാരം കുറഞ്ഞതായി റിപ്പോർട്ട് ചെയ്യപ്പെടുന്ന മരുന്നുകളുടെ ടെസ്റ്റ് റിപ്പോർട്ട് ബന്ധപ്പെട്ട മരുന്ന് ഉത്പാദകർ ചലഞ്ച് ചെയ്തു കഴിഞ്ഞാൽ അന്തിമ റിപ്പോർട്ടിനായി സെൻട്രൽ ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറി(കൊൽക്കത്ത)യിലേയ്ക്ക് അയയ്ക്കാറു ണ്ട്. Expiry date അടുത്ത് വരുന്ന മരുന്നുകൾ പ്രത്യേക പരിഗണന കൊടുത്ത് അതിവേഗം റിപ്പോർ ട്ടിനായി അയയ്ക്കാറുണ്ട്. |
| (ബി) ഗുണനിലവാരമില്ലാത്ത മരുന്നുകൾ കഴിക്കേണ്ടിവരുന്ന രോഗികൾക്ക് രോഗം മൂർച്ഛിക്കുകയും മറ്റു പാർശ്വ ഫലങ്ങൾ ഉണ്ടാക്കാറുമുള്ളതായ വിദഗ്ദ്ധാഭിപ്രായം പരിശോധിച്ചിട്ടു ണ്ടോ ; | (ബി) ഗുരുതരമായ പ്രശ്നങ്ങളൊന്നും ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഇത് സംബന്ധമായി രോഗികളെ പരിശോധിച്ച് ഡോക്ടർമാരുടെ റിപ്പോർട്ടുക ളൊന്നും ലഭ്യമായിട്ടില്ല |
| (സി)ജില്ലാ കേന്ദ്രങ്ങൾ മരുന്നുകൾ പരിശോധിക്കാനാവശ്യമായ ലാബുകൾ സ്ഥാപിക്കാനും, രാജ്യാന്തര നിലവാരത്തിലുള്ള മരുന്നുകൾ മാത്രം വിപണിയിൽ എത്തിക്കാനും ക്രിയാത്മകമായ നടപടി സ്വീകരിക്കുമോ? | (സി) നിലവിൽ സംസ്ഥാനത്ത് തിരുവനന്തപുരത്ത് ഒരു ഡ്രഗ്സ് ടെസ്റ്റിംഗ് ലാബാണുള്ളത്. എറണാകുളത്ത് പുതിയ റീജിയണൽ ഡ്രഗ്സ് ടെസ്റ്റിംഗ് ലാബോറട്ടറിയുടെ പ്രവർത്തനം ഉടൻ ആരംഭിക്കും. പുതിയ മൂന്ന് ലാബുകൾ കൂടി ആരംഭിക്കുന്നതിനുള്ള നടപടി കൾ തുടർന്നുവരുന്നു. |

സെക്ഷൻ ഓഫീസർ